പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2501** **12.03.2018-ൽ മറുപടിയ്ക്ക്**

# ന്യൂടൈംസ് ന്യൂകൺസ്ട്രക്ഷൻ എന്ന പുതിയ നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ്.** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ ന്യൂടൈംസ് - ന്യൂകൺസ്ട്രക്ഷൻ എന്ന പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്തു വകുപ്പിന്റെ മുദ്രാവാക്യത്തിലൂടെ നൂതന രീതിയിൽ കൂടുതൽ ഈടു നിൽക്കുന്ന, പ്രകൃതി സൗഹാർദപരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് BM & BC വർക്കുകളിൽ ഉപയോഗിക്കുന്നതിനും, നാച്ചുറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ (N.R.M.B) ഉപയോഗിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിനുമുള്ള നിർമ്മാണങ്ങളും നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലങ്ങളുടെ നിർമ്മാണത്തിൽ ജോയിന്റ് ഇല്ലാത്ത Integrated Continuous Slab സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു. KIIFB സാമ്പത്തിക സഹായത്തോടെയുള്ള പ്രവൃത്തികൾ റോഡ് ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നു. |
| (ബി) ഈ പുതിയ നയം എന്നാണ് പ്രാബല്യത്തിൽ വരുന്നത്; | (ബി) ഈ ആശയം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (സി) നയത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ? | (സി) പുതിയ കാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്തു വകുപ്പിന്റെ മുദ്രാവാക്യത്തിലൂടെ നൂതന സാങ്കേതിക രീതിയിൽ കൂടുതൽ കാലം ഈടുനിൽക്കുന്ന, ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത് |

സെക്ഷൻ ഓഫീസർ